## ചോ:

# "ഐക്യതക്കു പരിധി ഉണ്ടോ?"

## ഉത്തരം:

"സഹോദരന്മാർ ഒത്തൊരുമിച്ചു വസിക്കുന്നതു, എത്ര ശുഭവും എത്ര മനോഹരവുമാകുന്നു!" (സങ്കീർത്തനങ്ങൾ 133:1). "നല്ല മനസുള്ള" മനുഷ്യർ (ലൂക്കൊസ് 2:14 നോക്കുക) കലഹപ്രിയരായിരിക്കയില്ല. അവർ "മൽസരിക്കും" (ഗ്രീക്ക്.: *അത്ലെയോ*; 2 തിമൊഥെയൊസ് 2:5) അതു കായിക മൽസരം പോലെയാണ്, എന്നാൽ അവർ "കലഹപ്രിയർ" ആകുവാൻ ശ്രമിക്കുകയില്ല (ഗ്രീക്ക്.: *മാക്കോമായി*; 2 തിമൊഥെയൊസ് 2:24); അവർ തർക്കിക്കുന്നവരല്ല. പോരാട്ട മനോഭാവം വൈകൃതമാണ്, ഐക്യത വളരെ സുഖമുള്ളതാണ്, ഒന്നിക്കുവാൻ വേണ്ടി ഉപദേശപരമായ എല്ലാ അതിരുകളും ലംഘിക്കുന്ന മനോഭാവമാണ് ചിലർക്കുള്ളത്.

### ഉപദേശം ഇല്ലയോ?

ചില മതങ്ങളിൽ അല്ലെങ്കിൽ തത്വങ്ങളിൽ, ഉള്ള ഒരു ഉപദേശം എന്തെന്നാൽ അവർക്കു ഒരു ഉപദേശവും പ്രശ്നമല്ല. ഒരു വിശാലമായ കുടക്കീഴിൽ, ഏകദൈവത്തിൽ വിശ്വസിക്കുന്നവരും, ബഹുദൈവത്തിൽ വിശ്വസിക്കുന്നവരും, ഈശ്വരവിശ്വാസം ഇല്ലാത്തവരും തമ്മിൽ കൂട്ടായ്മ ഉണ്ട്. അത്തരം തത്വത്തിൻകീഴിൽ, ബുദ്ധമതം പോലെയാണ് ഇസ്ലാം മതവും, അതിനോടു തുല്യസ്ഥാനമാണ് പുതിയനിയമക്രിസ്ത്യാനിത്വത്തിനും അവർ നൽകിയിരിക്കുന്നത്. ക്രിസ്ത്യാനിത്വം മാത്രമാണ് ശരിയായ മതമെന്നു ഒരാൾ വിചാരിക്കുന്നു എങ്കിൽ അയാൾ അസഹിഷ്ണുതയും മർക്കടമുഷ്ടിയുമുള്ള ആളാണെന്നാണ് അത്തരം തത്വം സ്വീകരിച്ചിരിക്കുന്നവർ കരുതുന്നത്.

### യേശുവിന്റെ ദൈവികത്വം മാത്രമോ?

എന്നിരുന്നാലും, യേശുവിന്റെ മതത്തിനു പ്രത്യേകതയുണ്ടെന്നും, യേശു മുഖാന്തരമല്ലാതെ ആർക്കും പിതാവിന്റെ അടുക്കൽ പോകുവാൻ കഴിയുകയില്ല എന്നും വിശ്വസിക്കുന്നവരുണ്ട് (യോഹന്നാൻ 14:6). അതു വേറിട്ട ഒരു കുട ആകുമ്പോഴും, ക്രിസ്തുവിന്റെ ദൈവികത്വത്തെ കുറിച്ചു ചില ഉപദേശങ്ങൾ ഉൾപ്പെടുന്നതുകൊണ്ട്, അത് വിവിധ ഉപദേശങ്ങൾക്ക് അഭയം ആകാറുണ്ട്. ചില ബൈബിൾ വിശ്വാസികൾ പറയും, "യേശുവിനെ ഒരാൾ കർത്താവായി ഏറ്റുപറയുന്നതുപോലെ, അവൻ എന്റെ സഹോദരനും ഞങ്ങൾക്കുള്ള കൂട്ടായ്മ യഥാർത്ഥവുമാണ്." അത്തരം ആളുകൾ അസഹിഷ്ണുത പ്രകടിപ്പിക്കുന്നതു ക്രിസ്തുവിന്റെ ദൈവികത്വത്തിനുപുറമെ ചില ഉപദേശങ്ങളും ആവശ്യമാണെന്നു പറയുന്നവർക്കെതിരായിട്ടാണ്.

### തെറ്റിപോകുന്ന ഉപദേഷ്ടാക്കന്മാരോ?

മർക്കൊസ് 9:38-40 തെറ്റായി ഉപയോഗിക്കുന്നതുകൊണ്ടാണ് ചിലർ തെറ്റ്

ഉപദേശിക്കുന്ന ചില ഉപദേഷ്ടാക്കന്മാരുമായി ഐക്യതക്കു ശ്രമിക്കുന്നത്:

> യോഹന്നാൻ അവനോട്, "ഗുരോ, ഒരുവൻ നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുന്നതു ഞങ്ങൾ കണ്ടു, അവൻ നമ്മെ അനുഗമിക്കായ്കയാൽ ഞങ്ങൾ അവനെ വിരോധിച്ചു" എന്നു പറഞ്ഞു. അതിന്നു യേശു പറഞ്ഞതു, "അവനെ വിരോധിക്കരുത്, എന്റെ നാമത്തിൽ ഒരു വീര്യപ്രവൃത്തി ചെയ്തിട്ടു, വേഗത്തിൽ എന്നെ ദുഷിച്ചു പറവാൻ കഴിയുന്നവൻ ആരും ഇല്ല. *നമുക്ക് പ്രതികൂലമല്ലാത്തവൻ നമുക്ക് അനുകൂലമല്ലോ.*" (എംഫസിസ് മൈൻ)

ഈ വേദഭാഗം എടുത്തുകൊണ്ടു, നാമധേയവിഭാഗങ്ങളിലെ പാസ്റ്റർമാരെയും തെറ്റിപ്പോയിട്ടുള്ള ഉപദേഷ്ടാക്കന്മാരെയും, അംഗീകരിക്കണം എന്നു പറയുന്നതു ശരിയാണോ? യോഹന്നാനു വ്യക്തിപരമായി അറിയാത്തവനായിരുന്നു മർക്കൊസ് 9-ലെ ബാധ ഒഴിപ്പിക്കുന്നവൻ എന്നതുകൊണ്ട് അയാൾ ദുരുപദേഷ്ടാവ് ആകണമെന്നില്ല. അതിനു വിപരീതമായി, യേശു ആ മനുഷ്യനെ അംഗീകരിക്കയാണ്, നമുക്ക് അറിയാം യേശു ഒരു ദുരുപദേഷ്ടാവിനെ അംഗീകരിക്കയില്ല എന്ന് (നോക്കുക മത്തായി 7:15–23). ആ മനുഷ്യൻ വാസ്തവത്തിൽ യേശുവിന്റെ നാമത്തിലാണ് ഭൂതങ്ങളെ പുറത്താക്കിയത്, അതു ഒരു തട്ടിപ്പുകാരനു ചെയ്യുവാൻ കഴിയുന്നതായിരുന്നില്ല (പ്രവൃത്തികൾ 19:13–16). ഈ വേദഭാഗത്ത് യേശു നാമധേയവിഭാഗത്തിലെ പാസ്റ്റർമാരെയും തെറ്റിപോയ ഉപദേഷ്ടാക്കളെയും അംഗീകരിക്കുമെന്നു പറയുന്നത് മറ്റു വേദഭാഗങ്ങളെ അസാധുവാക്കുന്നതാണ്: മത്തായി 15:13, 14; യോഹന്നാൻ 8:32; റോമർ 16:17; 1 തെസലൊനിക്യർ 5:21, 22; ഗലാത്യർ 1:6–9; എഫെസ്യർ 4:1–7; 2 പത്രൊസ് 2:1, 2; 1 യോഹന്നാൻ 4:1; 2 യോഹന്നാൻ 9–11; 2 തിമൊഥെയൊസ് 4:1–5.

## അപ്പൊസ്തലന്മാരുടെ ഉപദേശം

യേശുവിന്റെ ദൈവികത്വ ഉപദേശത്തോടൊപ്പം മറ്റു ഉപദേശങ്ങളും പ്രാധാന്യമുള്ളതാണെന്നു യേശു യോഹന്നാൻ 12:48-ൽ വ്യക്തമാക്കുന്നുണ്ട്: "എന്റെ വചനം കൈക്കൊള്ളാതെ എന്നെ തള്ളിക്കളയുന്നവനെ, ന്യായം വിധിക്കുന്നവൻ ഉണ്ട്; ഞാൻ സംസാരിച്ച വചനം തന്നെ ഒടുക്കത്തെ നാളിൽ അവനെ ന്യായം വിധിക്കും." യേശുവിന്റെ വാക്കുകളിൽ അപ്പൊസ്തലന്മാർക്കു കെട്ടുവാനും അഴിക്കുവാനും കൊടുത്ത അധികാരവും ഉൾപ്പെടുന്നു (മത്തായി 18:18). ഒരു അപ്പൊസ്തലനെ കൈക്കൊള്ളുന്നതു ക്രിസ്തുവിനെയും അവന്റെ പിതാവിനെയും കൈക്കൊള്ളുന്നതാണ് (മത്തായി 10:40). ഒരു അപ്പൊസ്തലനെ തള്ളിക്കളയുക എന്നാൽ ക്രിസ്തുവിനെയും അവന്റെ പിതാവിനെയും തള്ളിക്കളയുക എന്നാണ് (ലൂക്കൊസ് 10:16). ആദ്യ ക്രിസ്ത്യാനികൾ യേശുവിന്റെ ദൈവികത്വം മാത്രമല്ല, അപ്പൊസ്തലന്മാരുടെ ഉപദേശത്തെയും മുറുകെ പിടിച്ചിരുന്നു (പ്രവൃത്തികൾ 2:36, 42).

ക്രിസ്തുവിനോടുള്ള ഭക്തിയും ക്രിസ്തുവിലുള്ള ഐക്യതയും എന്നതു, "യേശുവിനെ കർത്താവേ" എന്നു വിളിക്കുന്നതല്ല. യേശു തന്നെ പറഞ്ഞിരിക്കുന്നു, "നിങ്ങൾ എന്നെ 'കർത്താവേ, കർത്താവേ,' എന്നു വിളിക്കുകയും, ഞാൻ പറയുന്നതു ചെയ്യാതിരിക്കുകയും ചെയ്യുന്നതെന്തുകൊണ്ട്?"

(ലൂക്കൊസ് 6:46). തന്റെ പന്ത്രണ്ട് അപ്പൊസ്തലന്മാർ പുനർജ്ജനനത്തിൽ പന്ത്രണ്ട് സിംഹാസനാധികാരങ്ങളിൽ ഇരിക്കുമെന്നു മത്തായി 19:28–ൽ യേശു പറഞ്ഞു (ഏ.ഡി. 30–ലെ, പെന്തെകൊസ്തുനാൾ മുതൽ, ലോകാവസാനം വരെ). കൂടാതെ, അവൻ അവരോടുകൂടെ ഇരിക്കും എന്നു വാഗ്ദാനം ചെയ്തു – അവരുടെ കാലത്തോളം മാത്രമല്ല, എന്നാൽ ലോകാവസാനത്തോളം (മത്തായി 28:20). അവർ പഠിപ്പിച്ച ഏതു ഉപദേശവും സത്യമാണ്, അവർ പഠിപ്പിച്ചിട്ടില്ലാത്ത എന്തും അസത്യമാണ് (1 യോഹന്നാൻ 4:6). അതുകൊണ്ട്, ആരെങ്കിലും രക്ഷാപദ്ധതിയെകുറിച്ചും, സഭയെക്കുറിച്ചും, പേരിനെകുറിച്ചും, ആരാധനാ രീതിയെകുറിച്ചും ജീവിക്കേണ്ട വഴിയെകുറിച്ചും അപ്പൊസ്തലന്മാർ ഉപദേശിക്കാത്തതുമായി വിട്ടുവീഴ്ച്ച ചെയ്താൽ, അയാൾ സത്യത്തിലുമല്ല ക്രിസ്തുവിനോടുള്ള ഭക്തിയിലുമല്ല.

**ഉപസംഹാരം**

വാസ്തവത്തിലുള്ള ശിഷ്യത്വത്തിനു അത്യന്താപേക്ഷിതമായതെന്തായാലും അതു പുതിയനിയമത്തിലുണ്ട്. അപ്പോൾ, ദൈവത്താൽ അംഗീകരിക്കപ്പെട്ട ക്രിസ്തുവിലുള്ള ഐക്യത, ആളുകൾ യോജിപ്പ് എത്രമാത്രം ഇഷ്ടപ്പെടുത്തുന്നു എന്നതോ, അല്ലെങ്കിൽ ഒരാൾ എല്ലാവരെയും എത്രമാത്രം ഇഷ്ടപ്പെടുത്തുന്നു എന്നതിനെയോ ആസ്പദമാക്കിയല്ല ഇരിക്കുന്നതു, പിന്നെയോ പുതിയനിയമത്തിലെ ഇരുപത്തി–ഏഴു വിശുദ്ധ പുസ്തകങ്ങളെ ആസ്പദമാക്കിയാണിരിക്കുന്നത്.

---

## മുൻനിർണ്ണയത്തെക്കുറിച്ച് ബൈബിളിന്റെ കാഴ്ച്ചപ്പാട് എന്താണ്? (റോമർ 9:6–16; എഫെസ്യർ 1:4, 5, 11)

ദൈവം മുഖപക്ഷം കാണിക്കുന്നവനല്ല (ഗ്രീക്കിൽനിന്ന് അക്ഷരികമായി, ''മുഖം–കൈക്കൊള്ളുന്നവനല്ല''; പ്രവൃത്തികൾ 10:34, 35; റോമർ 2:11 നോക്കുക), ഓരോരുത്തനും താന്താങ്ങൾക്കു കണക്കുകൊടുക്കേണ്ടവരാണ് (റോമർ 14:12). ബൈബിൾ മുൻനിർണ്ണയം അല്ലെങ്കിൽ മുൻനിശ്ചയം, അതുകൊണ്ടു, *വ്യക്തികളെ*യല്ല *സ്വഭാവത്തെ* അനുസരിച്ചാണിരിക്കുന്നത്.

റോമർ 9 നോക്കുക. ജഡീക യഹൂദന്മാരല്ല വാസ്തവത്തിലുള്ള യിസ്രായേല്യർ എന്നു വാക്യം 6 പറയുന്നു (മത്തായി 3:9), എന്നാൽ അവർ ഹൃദയം നേരുള്ളവരും (റോമർ 2:29) കൂടാതെ ദൈവേഷ്ടം ചെയ്യുന്നവരുമാണ് (റോമർ 2:13; യാക്കോബ് 1:22 നോക്കുക). 7 മുതൽ 9 വരെയുള്ള വാക്യങ്ങളിൽ, പൗലൊസു പറഞ്ഞു വിശ്വാസത്താൽ നടക്കുന്നവരാണ് വാസ്തവത്തിലുള്ള അബ്രഹാമിന്റെ സന്തതി (റോമർ 4:12), അത് യിസഹാക്ക് ചെയ്തതാണ്, എന്നാൽ യിശ്മായേൽ ചെയ്തില്ല താനും. വാക്യം 11–ൽ ദൈവത്തിന് അതു *മുൻപെ അറിയാ*മായിരുന്നു പക്ഷെ യാക്കോബിലും ഏശാവിലും ഏതുതരം സ്വഭാവം ആയിരിക്കുമെന്ന് *മുൻനിശ്ചയിക്ക*പ്പെട്ടിരുന്നില്ല. അവരുടെ സ്വഭാവത്തെ മെനഞ്ഞത് അവർ തന്നെയാണ്, ദൈവം (തന്റെ മുന്നറിവിന്റെ അടിസ്ഥാനത്തിൽ) അവരുടെ ജീവിതസ്ഥാനങ്ങൾക്ക് പദ്ധതി തയ്യാറാക്കി.

ദൈവം ആരെയും വെറുക്കുന്നില്ല എന്ന് വാക്യം 13 പറയുന്നില്ല (യോഹന്നാൻ 3:16 നോക്കുക). മറിച്ച്, “പക” എന്ന വാക്ക് ഉപയോഗിച്ചിരിക്കു

ന്നത് ഒരാളുടെ പ്രവൃത്തി നിമിത്തം ദൈവത്തിന്റെ പ്രീതി നഷ്ടപ്പെടുത്തുന്ന താണ്. എല്ലാവരും മാനപാത്രങ്ങൾ ആയിരിക്കുമെന്ന് ദൈവത്തിന് മുന്നറിയാ മായിരുന്നു. എങ്ങനെയായാലും, ആരായിരിക്കണം മാനപാത്രമെന്ന് ദൈവം തീരുമാനിക്കുന്നില്ല; ഓരോരുത്തനും അവനവന്നുവേണ്ടി തീരുമാനിക്കുന്നു. "ഇവയെ വിട്ടകന്നു, തന്നത്താൻ വെടിപ്പാക്കുന്നവൻ, വിശുദ്ധവും, ഉടമസ്ഥന്നു ഉപയോഗവുമായി, നല്ലവേലയ്ക്കു ഒക്കെയും ഒരുങ്ങിയിരിക്കുന്ന, മാനപാത്ര മായിരിക്കും" (2 തിമൊഥെയൊസ് 2:21). ഒരാൾ തന്റെ സ്വാർത്ഥത നിമിത്തം ദൈവത്തെ അനുസരിക്കാതിരിക്കുന്നതു തിരഞ്ഞെടുക്കുമ്പോൾ, അവൻ എന്താ കുമെന്ന് ദൈവത്തിന്ന് മുൻപെ അറിയാം; അവൻ തനിക്കുസേവിക്കുവാൻ ഒരു സ്ഥലം തിരഞ്ഞെടുക്കുന്നു, ദുഷ്ടനായിരുന്ന ഫറവോൻ പോലും ദൈവ ത്തിന്റെ ഉദ്ദേശ്യം നിർവ്വഹിച്ചിട്ടുണ്ട് (വാക്യം 17 നോക്കുക).

ക്രിസ്തുവിനെ കുറിച്ചുള്ള മനുഷ്യന്റെ പരിജ്ഞാനത്തെ ആസ്പദമാ ക്കിയാണ് സാൽവേഷൻ (യോഹന്നാൻ 6:44, 45; റോമർ 10:1, 2), അല്ലാതെ ദൈവത്തിന്റെ മുൻനിശ്ചയപ്രകാരമല്ല. ഒരു ദുഷ്ട മനുഷ്യൻ ദൈവത്തിന്റെ അരുളപ്പാടിനെതിരെ എത്ര മെതിക്കുവാൻ ശ്രമിച്ചാലും (പ്രവൃത്തികൾ 26:14 നോക്കുക), അവന് ദൈവത്തിന്റെ നിത്യകൽപനകളെ മാറ്റുവാൻ കഴിയു കയില്ല. തന്നെ അനുസരിക്കുന്നവരോടാണ് ദൈവം കരുണ കാണിക്കുന്ന ത്, തന്നെ അനുസരിക്കാതെ ഇരിക്കുന്നവരെയാണ് അവൻ ശിക്ഷിക്കുന്നത് (സങ്കീർത്തനം 103:17, 18; റോമർ 2:4–11). ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആഗ്രഹിക്കുന്നയാൾ തീരുമാനമെടുക്കുകയും (വെളിപ്പാട് 22:17; കെജെവി) അവന്റെ പദ്ധതി അനുസരിച്ച് ഓടുകയും ചെയ്യും (1 കൊരിന്ത്യർ 9:24–26).

എഫെസ്യർ 1:4 വെളിപ്പെടുത്തുന്നത് ക്രിസ്തുവിൽ അംഗീകരിക്കുവാ നിരിക്കുന്നവർ വിശുദ്ധരും നിഷ്ക്കളങ്കരും സ്നേഹമുള്ളവരുമായിരിക്കു മെന്ന് ലോകസ്ഥാപനത്തിനുമുൻപുതന്നെ ദൈവം തീരുമാനിച്ചിരുന്നു എന്നാണ്. തന്റെ ജനത്തിന്റെ സ്വഭാവം അപ്രകാരമായിരിക്കണമെന്ന് അവൻ മുൻനിശ്ചയിച്ചിരുന്നു, എന്നാൽ വിശുദ്ധരും (1 പത്രൊസ് 1:16), കുറ്റമില്ലാ ത്തവരും (ഫിലിപ്പിയർ 2:14, 15), സ്നേഹമുള്ളവരും (1 തെസലൊനിക്യർ 4:9, 10) ആകേണമോ വേണ്ടയോ എന്ന് ഓരോരുത്തരാണ് തീരുമാനിക്കേ ണ്ടത്.

ക്രിസ്തുവിനെ സ്വീകരിക്കുന്നവർ ദൈവമക്കളായിരിക്കുമെന്ന് ദൈവം മുൻനിശ്ചയിച്ചിരുന്നു (എഫെസ്യർ 1:5). ക്രിസ്തുവിൽ ആയി തീരുന്നവർ, വിശുദ്ധരും, കുറ്റമില്ലാത്തവരും, സ്നേഹിക്കുന്നവരും, മക്കളായി തീരുന്ന വരും ആയവർക്ക്, ഒരു അവകാശമുണ്ട് (എഫെസ്യർ 1:11). ആ അവകാശം എങ്ങനെയായാലും, നിബന്ധനയോടുകൂടിയതാണ്, കാരണം ആ വാഗ്ദാനം ലഭിച്ച എഫെസ്യരെ പിന്നീട് നിരാകരിച്ചപ്പോൾ അവർ മാനസാന്തരപ്പെട്ട് പാപ ങ്ങളിൽനിന്ന് തിരിഞ്ഞ് ദൈവഭക്തിയിലേക്കു വന്നില്ല എങ്കിൽ (വെളിപ്പാട് 2:5) അവകാശം നഷ്ടപ്പെടുമെന്ന് അവരെ ഭീഷണിപ്പെടുത്തുകയുണ്ടായി.